# ഓസ്‌ട്രേലിയൻ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം (മാർച്ച് 08-11, 2023)

മാർച്ച്  04, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം ഓസ്‌ട്രേലിയൻ പ്രധാനമന്ത്രി, ബഹുമാന്യനായ ശ്രീ ആന്റണി അൽബനീസ്, 2023 മാർച്ച് 08-11 തീയതികളിൽ ഇന്ത്യ സന്ദർശിക്കും. ട്രേഡ് ആൻഡ് ടൂറിസം മന്ത്രി ആയ സെനറ്റർ ഡോൺ ഫാരെലും റിസോഴ്‌സ് ആൻഡ് നോർത്തേൺ ഓസ്‌ട്രേലിയ മന്ത്രി ആയ ബഹുമാന്യയായ മിസ് മഡലിൻ കിംഗ് എംപിയും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ഉന്നത ബിസിനസ്സ് പ്രതിനിധി സംഘവും അദ്ദേഹത്തോടൊപ്പമുണ്ടാകും.

2. പ്രധാനമന്ത്രി ആയ ശേഷം ഉള്ള അൽബനീസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമായിരിക്കും ഇത്. പ്രധാനമന്ത്രി അൽബനീസ് 2023 മാർച്ച് 08-ന് ഹോളി ദിനത്തിൽ അഹമ്മദാബാദിലെത്തും. 2023 മാർച്ച് 09-ന് അദ്ദേഹം ഡൽഹിയിൽ എത്തുന്നതിനുമുമ്പ് മുംബൈയും സന്ദർശിക്കും.

3. 2023 മാർച്ച് 10-ന് ഡൽഹിയിൽ, പ്രധാനമന്ത്രി അൽബാനീസിന് രാഷ്ട്രപതി ഭവന്റെ മുൻഭാഗത്ത് വച്ച് ആചാരപരമായ സ്വീകരണം നൽകും. ഇന്ത്യ ഓസ്‌ട്രേലിയ സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന് കീഴിലുള്ള സഹകരണത്തിന്റെ മേഖലകൾ ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി മോദിയും പ്രധാനമന്ത്രി അൽബാനീസും വാർഷിക ഉച്ചകോടി നടത്തും. പ്രധാനമന്ത്രി അൽബാനീസ് പ്രസിഡന്റ് ശ്രീമതി ദ്രൗപതി മുർമുവിനെയും സന്ദർശിക്കും.

4. ഇന്ത്യയും ഓസ്‌ട്രേലിയയും പൊതുവായ മൂല്യങ്ങളുടെയും ജനാധിപത്യ തത്വങ്ങളുടെയും അടിസ്ഥാനത്തിൽ ഊഷ്മളവും സൗഹൃദപരവുമായ ബന്ധം പങ്കിടുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം 2020 ജൂണിൽ സമഗ്രമായ തന്ത്രപരമായ പങ്കാളിത്തമായി ഉയർത്തപ്പെട്ടു, അത് ഇടയ്ക്കിടെയുള്ള ഉയർന്ന തലത്തിലുള്ള കൈമാറ്റങ്ങളിലൂടെയും മേഖലകളിലുടനീളമുള്ള വർദ്ധിപ്പിച്ച സഹകരണത്തിലൂടെയും ശക്തിപ്പെടുത്തുകയും

ആഴത്തിലാക്കുകയും ചെയ്തു. പ്രധാനമന്ത്രി അൽബനീസിന്റെ സന്ദർശനം സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന് കൂടുതൽ ഊർജം പകരുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂ ഡൽഹി

മാർച്ച് 04, 2023